**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5950** **25-03-2025 - ൽ മറുപടിയ്ക്ക്**

**ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പകൽ സമയത്ത് ലഭ്യമാകുന്ന വൈദ്യുതി സംഭരിച്ച് ഉപയോഗിക്കുന്നതിന് ലക്ഷ്യമിട്ട് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പകൽ സമയത്തു ലഭ്യമാകുന്ന വൈദ്യുതി സംഭരിച്ച് പീക്ക് സമയത്ത് ഉപയോഗിക്കുന്നത് ലക്ഷമിട്ട് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനു വേണ്ടി രണ്ട് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>28.11.2024-ന കേരളത്തിന് കേന്ദ്ര ഊർജ്ജ മന്ത്രാലയം അനുവദിച്ച 135 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തി പദ്ധതി നടപ്പിലാകുന്നതു ലക്ഷ്യമിട്ട് 20.12.2024-ന സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI) - യെ ബെസ്സ് ഇംപ്ലിമെന്റിംഗ് ഏജൻസി ആയി ചുമതലപ്പെടുത്തിക്കൊണ്ട് മൈലാട്ടി സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് വേണ്ടി SECI വഴി ഗ്ലോബൽ ടെൻഡർ പ്രസിദ്ധീകരിക്കുകയും 25.02.2025 - ന ഫിനാൻഷ്യൽ ബിഡ് തുറക്കുകയും ഇ-റിവേഴ്സ് ഓക്ഷൻ കൂടി പൂർത്തീകരിച്ച് എൽ-1 ബിഡ്ഡറെ തെരഞ്ഞെടുക്കുകയും ചെയ്തു. ജെ. എസ്. ഡബ്ല്യൂ. നിയോ എനർജി ലിമിറ്റഡ് ആണ് ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ബെസ്സ് (BESS) ഡെവലപ്പർ.<br><br>തുടർന്ന് 18.03.2025 ന നടന്ന കെ. എസ്. ഇ. ബി. എൽ. ഫുൾ ബോർഡ് മീറ്റിംഗിൽ വിഷയം ചർച്ച ചെയ്യുകയും തുടർ നടപടി കൈക്കൊള്ളാൻ കെ. എസ്. ഇ. ബി. എൽ. ചെയർമാനെ ചുമതലപ്പെടുത്തുകയും ചെയ്തു. 19.03.2025 - ന കെ. എസ്. ഇ. ബി. എൽ. ഡയറക്ടർ (ഫിനാൻസ്) ജെ. എസ്. ഡബ്ല്യൂ. നിയോ എനർജി ലിമിറ്റഡുമായി റേറ്റ് നെഗോഷിയേഷന് വേണ്ടി മീറ്റിംഗ് നടത്തി. വയബിലിറ്റി ഗ്യാപ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ട |

| | | | |
|---|---|---|---|
| | | | ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം ടെൻഡറുകൾ മാർച്ച് 2025 - ന് മുൻപായി അവാർഡ് പ്രക്രിയ പൂർത്തീകരിക്കണമെന്ന കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ നിർദ്ദേശവും അടുത്ത വേനൽ കാലത്തിനു മുൻപേ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കേണ്ട ആവശ്യകതയും പരിഗണിച്ച എൽ-1 ബിഡ്ഡർക്ക് ലെറ്റർ ഓഫ് അവാർഡ് നൽകാനായി സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ (എൻ.എച്ച്.പി.സി.)-ക്ക് 1500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുവാൻ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയും, ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി അതിൽ നിന്നും 500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കുവാൻ അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ നടപടിയായി 17.01.2025-നു ആയതിനുള്ള ടെൻഡർ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ (എൻ.എച്ച്.പി.സി.) പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ഈ രണ്ടു പദ്ധതികളിലൂടെ 270 കോടി രൂപയുടെ കേന്ദ്ര സഹായം വൈദ്യുത മേഖലയ്ക്ക് ലഭിക്കും. |
| (ബി) | പദ്ധതി സ്ഥാപിക്കുന്നതിനുള്ള റിക്വസ്റ്റ് ഫോർ സെലക്ഷൻ ഡോക്യുമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മൈലാട്ടി സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/ 500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് വേണ്ടി ബെസ്സ് ഇമ്പ്ലിമെന്റിങ് ഏജൻസി ആയി Solar Energy Corporation of India (SECI) ഗ്ലോബൽ ടെൻഡർ പ്രസിദ്ധീകരിക്കുകയും റിക്വസ്റ്റ് ഫോർ സെലക്ഷൻ ഡോക്യുമെന്റ് ***https://www.bharat-electronictender.com*** എന്ന വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ **(NHPC)** കേരളത്തിൽ **125** മെഗാവാട്ട് / **500** മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് വേണ്ടി ഗ്ലോബൽ ടെൻഡർ **Central Public Procurement (CPP) Portal** **http://eprocure.gov.in/eprocure/app**. -ൽ **17.01.2025-**നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭൂമി എപ്രകാരം കണ്ടെത്തുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 100 മെഗാവാട്ടവർ ഗ്രിഡ് ബന്ധിത ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഉദ്ദേശം 1.75 ഏക്കർ സ്ഥലം ആവശ്യമാണ്. സാങ്കേതിക |

| | | | |
|---|---|---|---|
| | | | പരിശോധനയ്ക്ക് ശേഷം പദ്ധതിക്കാവശ്യമായ സ്ഥലം കെ.എസ്.ഇ.ബി.എൽ സബ്സ്റ്റേഷനുകളിൽ ആണ് കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ